Draft #3 of File 4571/SDE1 SO/2020/SDE 1 Approved by Registrar on 03-Aug-2020 01:39 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.4571/SDE1 SO/2020/SDE 1 തീയതി: 03.08.2020

## വിജ്ഞാപനം

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ ചുവടെ പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഒഴിവുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് താൽക്കാലിക നിയമനത്തിനായി അനുയോജ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. വിരമിച്ച അധ്യാപകർക്കും അപേക്ഷിക്കാവുന്നതാണ്.

| ക്രമ നം. | വിഷയം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ബിസിനസ് മാനേജ്മെന്റ് | 3 (ഒ.സി-2, ഈഴവ-1) |
| 2 | കൊമേഴ്സ് | 3 (എസ്.സി-1, ഓപ്പൺ-1, മുസ്ലിം-1) |
| 3 | കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | 2 (ഒ.സി-1, ലാറ്റിൻ കാത്തലിക്/ആംഗ്ലോ ഇന്ത്യൻ-1) |
| 4 | ഇക്കണോമിക്സ് | 2 (ഒ.സി-1, ഒ.ബി.സി-1) |
| 5 | ഇംഗ്ലീഷ് | 3 (ഒ.സി-2, എസ്.സി-1) |
| 6 | ടൂറിസം മാനേജ്മെന്റ് | 2 (ഒ.സി-1, ഈഴവ-1) |

**വിദ്യാഭ്യാസ യോഗ്യത** : 55% മാർക്കിൽ കുറയാതെ ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തരബിരുദം.
**പ്രായപരിധി** : 01.01.2020ൽ പരമാവധി 65 വയസ്സ്
**വേതനം** : നെറ്റ് യോഗ്യതയുള്ളവർക്ക് പ്രതിമാസം പരമാവധി 28,000/- രൂപ, നെറ്റ് യോഗ്യത ഇല്ലാത്ത ബിരുദാനന്തരബിരുദധാരികൾക്ക് പ്രതിമാസം പരമാവധി 25,000/- രൂപ
**നിയമനരീതി** : **ഓൺലൈൻ ഇന്റർവ്യൂ മുഖേന**

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ (മൊബൈൽഫോൺ നമ്പർ (2 എണ്ണം), ഇ.മെയിൽ അഡ്രസ്സ് ഉൾപ്പെടെ), വയസ്സ് (എസ്.എസ്.എൽ.സി), യോഗ്യത (കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, ഡിഗ്രി സർട്ടിഫിക്കറ്റുകൾ), പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം 14.08.2020 തീയതിയ്ക്കകം **ഡെപ്യൂട്ടി രജിസ്ട്രാർ 2 (ഭരണവിഭാഗം), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686560** എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. കേരളത്തിനു പുറത്തുള്ള സർവകലാശാലകളിൽ നിന്ന് യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾ മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നും ബന്ധപ്പെട്ട വിഷയത്തിന് നേടിയിട്ടുള്ള തുല്യതാ സർട്ടിഫിക്കറ്റ്, സംവരണത്തിന് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവയും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. മേൽപ്പറഞ്ഞ തീയതിയ്ക്ക് ശേഷം ലഭിക്കുന്നതും അപാകതകൾ ഉള്ളതുമായ അപേക്ഷകൾ നിരസിയ്ക്കപ്പെടുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്നവർ സർവകലാശാലയുമായി ഒരു വർഷത്തെ കരാർ ഒപ്പിടേണ്ടതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ